## ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടറുടെ (എ&റ്റി) നടപടിക്രമം, തിരുവനന്തപുരം.

വിഷയം :- ആ.വ.ഡ- ജീവനക്കാര്യം-ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 – IDT മാനദണ്ഡങ്ങൾക്ക് വിധേയമായി അന്തർജില്ല സ്ഥലംമാറ്റം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. ഉത്തരവ് നം- ഇ.ജി 3-13541/2021/ആ.വ.ഡ, തിയതി, 24.02.2021

2. ജീവനക്കാരന്റെ അപ്പീൽ അപേക്ഷ

### ഉത്തരവ് നം- ഇ.ജി 3-13541/2021/ആ.വ.ഡ, തിയതി. 26.02.2021

പരാമർശം (1) ഉത്തരവ് പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ അന്തർ ജില്ലാ സ്ഥലം മാറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) പ്രകാരം ലഭ്യമായ അപ്പീൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രകാരം പരാമർശം (1) ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

താഴെ പറയുന്ന ജീവനക്കാരിയെ സ്ഥലം മാറ്റ പട്ടികയിൽ നിന്നും ഒഴിവാക്കുന്നു.

| ക്രമ നം. | പേര്, ജോലി ചെയ്യുന്ന സ്ഥാപനം | പരാമർശം (1) ഉത്തരവിലെ ക്രമ നമ്പർ | സ്ഥലംമാറ്റം അനുവദിച്ച ജില്ല | അഭിപ്രായം |
|---|---|---|---|---|
| 1 | കവിത.ജി.എൻ. സി.എച്ച്.സി., ഉള്ള്യേരി കോഴിക്കോട് | 1 | എറണാകുളം | |

താഴെ പറയുന്ന ജീവനക്കാരനെ സ്ഥലം മാറ്റ പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ക്രമ നം. | പേര്, ജോലി ചെയ്യുന്ന സ്ഥാപനം | നിലവിലെ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി | സ്ഥലംമാറ്റം അനുവദിച്ച ജില്ല | അഭിപ്രായം |
|---|---|---|---|---|
| 1 | മിൽട്ടൻ. കെ, (പെൻ:562982) കുടുംബാരോഗ്യ കേന്ദ്രം, മേപ്പാടി, വയനാട് | 29.05.2012 | എറണാകുളം | കംപാഷനേറ്റ് ഗ്രൗണ്ട് |

മേൽ ജീവനക്കാര് അനുവദിച്ചിരിക്കുന്ന ജില്ലയിൽ പ്രവേശിക്കുന്ന ദിവസം മുതൽ ആ ജില്ലയിലെ ഏറ്റവും ജൂനിയര് ആയ ജൂനിയര് ഹെൽത്ത് ഇൻസ്പെക്ടര് ഗ്രേഡ് 2 ജീവനക്കാരനായി കണക്കാക്കേണ്ടതാണ്. കൂടാതെ സ്ഥാപന മേധാവികള് IDT മാനദണ്ഡങ്ങൾക്ക് വിധേയമായി അന്തർജില്ല സ്ഥലം മാറ്റം നേടിയ വിവരം ജീവനക്കാരുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

കോവിഡ്-19 ന്റെ ഭാഗമായുള്ള ചുമതലകൾക്ക് തടസം കൂടാതെ തന്നെ ബന്ധപ്പെട്ട സ്ഥാപന മേധാവികള് സ്ഥലം മാറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും, ബന്ധപ്പെട്ട ജില്ല മെഡിക്കൽ ഓഫീസർമാര് അന്തർജില്ല സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർക്ക് ഉചിതമായ സ്ഥലത്തേക്ക് നിയമന ഉത്തരവ് നൽകേണ്ടതുമാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ടി ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്. കൂടാതെ വിടുതൽ പ്രവേശന തീയതികള് യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. മേൽ ഭേദഗതിയ്ക്ക് വിധേയമായി പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഒപ്പ്)
ഡോ. പ്രീത. പി. പി.
അഡീഷണൽ ഡയറക്ടർ(എ&റ്റി) I/C

സ്വീകർത്താവ് :-

ബന്ധപ്പെട്ട ജീവനക്കാര്

പകർപ്പ് :-

1. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ് സൈറ്റ്
2. ജില്ലാ മെഡിക്കൽ ഓഫീസര് (ആരോഗ്യം), കോഴിക്കോട്/ /എറണാകുളം/വയനാട്
3. സൂപ്രണ്ട്, ഇ.എസ്. സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ

// ഉത്തരവിന് പ്രകാരം//

സൂപ്രണ്ട്

ആർ.എസ്